## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2398

13.02.2013 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി
മറുപടി പറയേണ്ടത്

## ഇ-ടെൻഡർ സെൽ പ്രവർത്തന സംവിധാനം

**ചോദ്യം**

ശ്രീ. അൻവർ സാദത്ത്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. എം.എ. വാഹിദ്

**ഉത്തരം**

ശ്രീ. കെ.എം. മാണി, ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | ധനകാര്യ വകുപ്പിൽ ഇ-ടെണ്ടർ സെൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | : | ആരംഭിച്ചിട്ടില്ല. ഇത് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | : | ടെൻണ്ടർ നടപടികളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് സർക്കാർ വകുപ്പുകളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും ഇ-ടെൻണ്ടറിംഗ് സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചത്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ 07.01.2013 ലെ ജി.ഒ.(പി) നം. 15/13/ധന ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എല്ലാ സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് സെല്ലിൽ നടന്നുവരുന്നത്; വിശദമാക്കുമോ; | : | എല്ലാ സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഇ-ടെൻണ്ടറിംഗ് സംവിധാനം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിന് ഒരു ഇ-ടെൻണ്ടറിംഗ് സെൽ രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം 'www.etenders.kerala.gov.in' എന്ന വെബ്സൈറ്റിലൂടെയാണ് നടപ്പാക്കുന്നത്. നിരത ദ്രവ്യം, ടെൻണ്ടർ ഫോറത്തിന്റെ വില എന്നിവ 'e-payment' വഴി അടയ്ക്കുന്നതിന് വേണ്ട സംവിധാനം ചെയ്യ് ഉത്തരവായിട്ടുണ്ട്. |
| (ഡി) | എന്തെല്ലാം ഇടപാടുകളാണ് ആദ്യഘട്ടത്തിൽ പ്രസ്തുത സംവിധാനം വഴി നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | : | 01.04.2013 മുതൽ 25 ലക്ഷത്തിന് മുകളിൽ വരുന്ന എല്ലാ ടെൻണ്ടറുകളും നിർബ്ബന്ധമായും ഈ സംവിധാനം വഴി നടപ്പാക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**